"ഭരണഭാഷ-മാതൃഭാഷ"

No.DWCD/7520/2025-ICDSB1 വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 18-07-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്-പോഷകബാല്യം' പദ്ധതി 2026-27 അങ്കണവാടികളിൽ മുട്ട, പാൽ വിതരണം-മാർഗ്ഗനിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്:-

സൂചന:-
1. ഈ കാര്യാലയത്തിലെ 15.06.2025 തീയതിയിലെ DWCD/1043/2025-ICDSB1 നമ്പർ സർക്കുലർ
2. ഈ കാര്യാലയത്തിലെ12/11/2025 ലെ DWCD/1043/2025-ICDSB1 നമ്പർ കത്ത്
3. 2026 -27 വർഷത്തെ സംസ്ഥാന ബഡ്ജറ്റ്.
4. 04.06.2026 തീയതിയിലെ സ .ഉ.(സാധാ) 198/2026/WCDD നമ്പർ സർക്കാർ ഉത്തരവ്.
5. ഈ കാര്യാലയത്തിലെ 27.04.2026 തീയതിയിലെ DWCD/2016/2026-ICDSB1 നമ്പർ ഉത്തരവ്.
6. ഈ കാര്യാലയത്തിലെ 02.07.2026 തീയതിയിലെ DWCD/2016/2026-ICDSB1 നമ്പർ ഉത്തരവ്.
7. 07.07.2026 തീയതിയിലെ സ.ഉ.(സാധാ) 227/2026/WCDD നമ്പർ സർക്കാർ ഉത്തരവ്.

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാന പദ്ധതി (പോഷകബാല്യം) 2022-23 ൽ ആരംഭിച്ച്, 2025 -26 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തുകയുണ്ടായി. 2026-27 സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി സൂചന (3) പ്രകാരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ 7900.00 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായി സൂചന (4) പ്രകാരം 7498.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം മുട്ടയുടെ വില ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 10/- രൂപയായും പാലിന്റെ വില ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 60/- രൂപയായും നിശ്ചയിച്ചിരുന്നു. പോഷകബാല്യം പദ്ധതി 2026 -27 സാമ്പത്തിക വർഷവും പദ്ധതി തടസ്സം കൂടാതെ തുടരുന്നതിനായി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് ആവശ്യമായ തുക സൂചന (5) പ്രകാരം മുൻകൂറായി അനുവദിച്ചിരുന്നു. തുടർന്ന്, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലേയ്ക്കുള്ള രണ്ടാം ഗഡു തുകയും സൂചന (6) പ്രകാരം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജൂൺ 1 മുതൽ മിൽമ പാൽ വില ലിറ്ററിന് 4/- രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ 2026 ജൂൺ 1 മുതൽ മിൽമ പാലിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ ലിറ്ററിന് 64/-രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് സൂചന (7) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പോഷകബാല്യം പദ്ധതി അങ്കണവാടികളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻ വർഷം ഈ കാര്യാലയത്തിൽ നിന്ന് നൽകിയിട്ടുള്ള സൂചന (1), (2) എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതോടൊപ്പം നടപ്പ് സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പാലിച്ച് പദ്ധതി തടസം കൂടാതെ മുന്നോട്ട് കൊണ്ട് പോകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1. അങ്കണവാടികളിൽ മുട്ട, പാൽ എന്നിവ വിതരണം ചെയ്യുന്നതിനായി സ്റ്റോർ പർചെയ്സ് റൂൾ പാലിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അല്ലെങ്കിൽ സെക്ടർ /സബ് സെക്ടർ തലത്തിൽ **2027 മാർച്ച് 31 വരേയ്ക്ക് പുതിയ ടെണ്ടർ/ക്വട്ടേഷൻ വിളിക്കേണ്ടതാണ്** പുതിയ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ പദ്ധതി തടസം കൂടാതെ നടപ്പിലാക്കുന്നതിനു നിലവിലെ tender നടപടി /ക്വട്ടേഷൻ നടപടി /മറ്റ് സംവിധാനങ്ങളിലൂടെ ഉള്ള വാങ്ങൽ രീതി തുടരാവുന്നതാണ്. ഭാവിയിൽ വില വർദ്ധനയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പുതിയ കരാർ /ടെണ്ടർ രേഖയിൽ, മുട്ട / പാൽ വിലയിലുണ്ടാകുന്ന വ്യതിയാനം സംബന്ധിച്ച വ്യവസ്ഥ (സ്റ്റോർ പർചേയ്സ് റൂളിന് വിധേയമായി) ഉൾപ്പെടുത്തേണ്ടതാണ്.

2. 2026 ജൂൺ 1 മുതൽ പോഷകബാല്യം പദ്ധതിയുമായി ബന്ധപ്പെട്ട് മിൽമ പാൽ വിതരണം ചെയ്യുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ ലിറ്ററിന് 64/-രൂപ ചിലവഴിക്കുന്നതിന് അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കാലയളവിൽ/നിലവിൽ തുടർന്നുവരുന്ന ടെണ്ടറുകൾ / ക്വട്ടേഷനുകൾക്ക് 2026 മെയ് 31 വരെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ പരമാവധി 60/-രൂപ നിരക്കിലും 2026 ജൂൺ 1 പ്രാബല്യത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 64/ രൂപ അധികരിക്കാത്ത നിരക്കിലും സ്റ്റോർ പർചെയ്സ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ കരാറിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ / അഡീഷണൽ കരാർ വയ്ക്കുകയോ ചെയ്ത്, പദ്ധതി തടസ്സം കൂടാതെ തുടർന്നുവരുന്ന ഇടങ്ങളിൽ സ്വീകരിച്ച നടപടി സാധൂകരിച്ചുകൊണ്ട് ബന്ധപ്പട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

3. പോഷകബാല്യം പദ്ധതി തടസ്സമില്ലാതെ നടത്തുന്നു എന്ന് അതാത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓരോ മാസവും 15-ാം തീയതിക്ക് മുൻപ് ലഭ്യമാക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർ ക്കുവേണ്ടി

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് - 1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

3. സൂപ്രണ്ട്, ഐ ടി സെൽ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

4. സ്റ്റോക്ക് ഫയൽ / സ്പെയർ